പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6255** **07.11.2016**-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

ചോദ്യം
ശ്രീ. പി. ഉണ്ണി

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര **KSRTC** ബസുകൾ സർവ്വീസ് നടത്തുന്നുണ്ട് ; | (എ) | 2016 ഒക്ടോബർ മാസത്തെ കണക്ക് അനുസരിച്ച് 423 ജൻറം ഷെഡ്യൂളുകൾ ഉൾപ്പെടെ 5688 ഷെഡ്യൂളുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇതിൽ 4477 ആർ.ടി.സി.യും, 389 ജൻറം സർവ്വീസുകളും ഉൾപ്പടെ 4866 ഷെഡ്യൂളുകൾ പ്രതിദിനം ശരാശരി സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | എല്ലാ സർവ്വീസും ലാഭത്തിലാണോ നടത്തുന്നത് ; | (ബി) | അല്ല. |
| (സി) | നഷ്ടത്തിലോടുന്ന ബസുകൾ എത്ര; ലാഭത്തിലോടുന്ന ബസുകൾ എത്ര; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (സി) | ശരാശരി 10,000 രൂപ എങ്കിലും പ്രതിദിന വരുമാനം ലഭ്യമല്ലെങ്കിൽ ടി സർവ്വീസുകൾ തീർത്തും നഷ്ടത്തിലാണ്. അങ്ങനെ ഉള്ള 3210 ഷെഡ്യൂളുകൾ നിലവിലുണ്ട്. (2016 സെപ്റ്റംബർ മാസത്തെ കണക്ക് അനുസരിച്ച്) വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (ഡി) | സർവ്വീസ് ആരംഭിക്കുകയും ലാഭത്തിലല്ല എന്ന കാരണത്താൽ മുടങ്ങിപ്പോയതുമായ സർവ്വീസുകൾ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ; | (ഡി) | സർവ്വീസ് ആരംഭിക്കുകയും എന്നാൽ ഒരു തരത്തിലും നടത്തികൊണ്ടുപോകുവാൻ കഴിയാതെ വന്ന കാരണത്താൽ മുടങ്ങിപ്പോയ സർവ്വീസുകൾ 2016 സെപ്റ്റംബർ മാസത്തിലെ കണക്ക് പ്രകാരം 809 ഷെഡ്യൂളുകളാണ്. |

| | | | |
|---|---|---|---|
| (ഇ) | മുടങ്ങിപ്പോയ സർവ്വീസുകൾ പുന രാരംഭിക്കുന്നത് സംബന്ധിച്ച സർ ക്കാരിന്റെ നയം വ്യക്തമാക്കാമോ; | (ഇ) യും (എഫ്) ഉം | കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കൂടിയാണ് കെ.എസ്.ആർ.ടി.സി കടന്നു പോകുന്നത്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10000 രൂപ യിൽ കുറവ് പ്രതിദിന വരുമാനം ലഭിച്ചു കൊണ്ടിരുന്ന സർവ്വീസുകൾ പുനഃക്രമീ കരിച്ച് സർവ്വീസ് നടത്തി വരികയാണ്. അപ്രകാരം പുനഃക്രമീകരിച്ചിട്ടും 10000 രൂപ യിൽ കൂടുതൽ വരുമാനം ലഭിക്കുന്നില്ലാ യെങ്കിൽ അത്തരം സർവ്വീസുകൾ റദ്ദ് ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വരുമാനക്കുറവ് മൂലം പാലക്കാട് ജില്ലയിലുൾപ്പെടെ നിർത്ത ലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതി നുള്ള നടപടികൾ ഇപ്പോൾ ആലോചനയി ലില്ല. |
| (എഫ്) | പാലക്കാട് ജില്ലയിൽ മുടങ്ങിപ്പോയ സർവ്വീസുകൾ പുനരാരംഭിക്കു വാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ